# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.07.2026**

### പ്രധാനവാർത്തകൾ

1. പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കം. സമ്മേളനം സുഗമമായി നടത്താൻ പ്രതിപക്ഷത്തിന്റെ സഹകരണം തേടി കേന്ദ്ര സർക്കാർ.

2. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ തീവ്രശ്രമമെന്ന് മന്ത്രി സണ്ണി ജോസഫ്, ഇന്ന് വൈദ്യുതി നിയന്ത്രണമുണ്ടാകില്ലെന്നും മന്ത്രി.

RNU TVPM

3. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ വള്ള സദ്യയ്ക്ക് തുടക്കമായി. വള്ളസദ്യ സെപ്റ്റംബർ 16 വരെ നീണ്ടു നിൽക്കും.

4. സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; തെക്കൻ ജില്ലകളിലെ തീരങ്ങളിൽ നാളെ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യത.

5. ലോകം ഫുട്ബോൾ ആവേശത്തിൽ ; ഫിഫ ലോകകപ്പ് കിരീടത്തിനായി അർജന്റീനയും സ്പെയിനും ഏറ്റുമുട്ടും.

6. ഫുട്ബോൾ കലാശപ്പോരാട്ടം ആഘോഷമാക്കാൻ കേരളവും; ലോകകപ്പ് മത്സരം പ്രമാണിച്ച് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി; കൈരളി, ശ്രീ തിയേറ്ററുകളിൽ പ്രദർശനമൊരുക്കി സംസ്ഥാന സർക്കാർ.

&&&&&&&&&&&&&&&&&

രാഷ്ട്രപതി

ത്രിരാഷ്ട്ര സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ നിന്നും യാത്ര തിരിച്ചു. മാൾഡോവ, നോർത്ത് മാസിഡോണിയ, റൊമാനിയ എന്നിവിടങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. പര്യടനത്തിൻറെ ആദ്യ ഘട്ടത്തിൽ മാൾഡോവയിലെത്തുന്ന രാഷട്രപതി, പ്രസിഡൻറുമായി പ്രതിനിധിതല ചർച്ചകളിൽ പങ്കെടുക്കും.

RNU TVPM

&&&&&&&&&&&&&&&&&

പാർലമെൻറ്-സർവകക്ഷി യോഗം

നാളെ ആരംഭിക്കുന്ന പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷി യോഗം വിളിച്ചുചേർത്തു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്. യോഗം ആരംഭിച്ചതിന് തൊട്ടുപിന്നാലെ, നാഷണലിസ്റ്റ് സിറ്റിസൺസ് പാർട്ടി ഓഫ് ഇന്ത്യ യോഗത്തിൽ പങ്കെടുക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ പാർട്ടികൾ പ്രതീകാത്മകമായി ഇറങ്ങിപ്പോക്ക് നടത്തി.

അതേസമയം സമ്മേളനത്തിൻറെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കണമെന്ന് കേന്ദ്ര പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു അഭ്യർത്ഥിച്ചു. സമ്മേളനം അടുത്ത മാസം 13 ന് അവസാനിക്കും.

&&&&&&&&&&&&&&&&&

## വൈദ്യുതി പ്രതിസന്ധി - സണ്ണി ജോസഫ്

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്കു പരിഹാരംകാണാൻ ശ്രമം തുടരുകയാണെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ് . മഴ ലഭ്യതയിലെ കുറവാണ് നിലവിലെ പ്രതിസന്ധിക്കു കാരണമെന്നും അദ്ദേഹം തിരുവന്തപുരത്തു മാധ്യമങ്ങളോട് പറഞ്ഞു. നിലവിലെ വൈദ്യുതി സ്റ്റോറേജ് സംവിധാനത്തെപ്പറ്റി പഠിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.
കർണാടക വൈദ്യുതി മന്ത്രിയുമായി ചർച്ചകൾ നടത്തിയതായും ലോകകപ്പ് ഫൈനൽ ദിവസമായ ഇന്ന് വൈദ്യുതി മുടങ്ങില്ലെന്നും മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&

## സൗരോർജ്ജ വൈദ്യുതി (ഇൻട്രോ)

സൗരോർജ്ജ വൈദ്യുതി സംഭരിച്ച് പീക്ക് സമയങ്ങളിൽ ഗ്രിഡിലേക്ക് വിതരണം ചെയ്യാൻ കഴിയുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നിലയം നിർമ്മാണം കാസർഗോഡ് മൈലാട്ടിയിൽ പുരോഗമിക്കുന്നു. രാജ്യത്തെ ഏറ്റവും വലുതും സംസ്ഥാനത്തെ ആദ്യത്തേതുമായ ബാറ്ററി സംഭരണ സംവിധാനമാണ് ഇത്

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗ ന്നിവാസൻ.

(വോയിസ്)

&&&&&&&&&&&&&&&&&

ഇ-കേരളം - മന്ത്രി ബിന്ദു കൃഷ്ണ

പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-കേരളം പദ്ധതി ആവിഷ്കരിച്ചതെന്നു മന്ത്രി ബിന്ദു കൃഷ്ണ. കൊല്ലത്ത് ഇ-കേരളം ഡിജിറ്റൽ ഹബിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.ഡിജിറ്റൽ സേവനങ്ങളുടെ വ്യാപനത്തിനും ജനകീയ സേവന വിതരണത്തിനും ഈ സംരംഭം കൂടുതൽ കരുത്തുനൽകുമെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

ആറന്മുള (ഇൻട്രോ)

ആറന്മുളക്കിനി രണ്ടു മാസം വള്ളസദ്യക്കാലം. പമ്പയിലെ ഓളങ്ങളിൽ വഞ്ചിപ്പാട്ടിൻ്റെ ശീലുകൾ ഉണർത്തി. പാർഥസാരഥിക്ഷേത്രത്തിലെ പ്രസിദ്ധമായ ആറന്മുള വഴിപാടു വള്ളസദ്യക്കാലത്തിനു തുടക്കമായി

വിശദാംശ ങ്ങളുമായി ആകാശവാണി പ ത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്)

&&&&&&&&&&&&&&&&&

RIJU TVPM

## ഐസർ - ബിരുദദാനം

ഐസറിൻറെ 14-ാമത് ബിരുദദാന ചടങ്ങ് തിരുവനന്തപുരം വിതുരയിലെ ക്യാമ്പസിൽ സംഘടിപ്പിച്ചു. ചടങ്ങിൽ നിതി ആയോഗ് അംഗവും ശാസ്ത്ര-സാങ്കേതിക വകുപ്പ് മുൻ സെക്രട്ടറിയുമായ പ്രൊഫ. അഭയ് കരന്ദികർ മുഖ്യാതിഥിയായി പങ്കെടുത്തു .

&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNUTVPM

&&&&&&&&&&&&&&&&&

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും നാളെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിലുള്ളവർ ജാഗ്രത പാലിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക്

ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&

<u>കണ്ണൂർ (ഇൻട്രോ)</u>

കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കണ്ണൂർ ഏഴോം വയലിൽ കൈപ്പാട് ഫെസ്റ്റ് തുടങ്ങി.മറ്റന്നാൾ വരെ ആണ് ഫെസ്റ്റ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ക ണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(VOICE )

&&&&&&&&&&&&&&&&&

<u>ഫിഫ</u>

ലോകമെങ്ങും ലോകകപ്പ് ഫുട്ബോൾ ആവേശത്തിൽ. പുതിയ ഫുട്ബാൾ ലോകചാമ്പ്യന്മാർ ആരെന്നറിയാൻ ഇനി മണിക്കൂറുകൾ മാത്രം. ഇന്ന് അർദ്ധരാത്രി 12.30 ന് നടക്കുന്ന കലാശപോരാട്ടത്തിൽ അർജൻറീനയും സ്പെയിനും ഏറ്റുമുട്ടും. സെമിയിൽ ഇംഗ്ലണ്ടിനെ 2-1 നു കീഴടക്കിയാണ് നിലവിലെ ജേതാക്കളായ അർജന്റീനയുടെ ഫൈനൽ പ്രവേശം. ഫ്രാൻസിനെ ഏകപക്ഷീയമായ രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് 2010 ലെ ജേതാക്കളായ സ്പെയിൻ കലാശപോരാട്ടത്തിനു യോഗ്യത നേടിയത്.

&&&&&&&&&&&&&&&&&

RNUTVPM

## നാളെ അവധി

ലോക കപ്പ് ഫുട്ബോൾ മത്സരം ഇന്ന് അർധ രാത്രി നടക്കുന്നതിനാൽ കായിക പ്രേമികൾ ആയ വിദ്യാർത്ഥികളുടെ അഭ്യർത്ഥന പരിഗണിച്ച് കേരളത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

&&&&&&&&&&&&&&&&&

## ഫുട്ബോൾ പ്രദർശനം -പിസി വിഷ്ണുനാഥ്

ലോകകപ്പ് ഫുട്ബോൾ ആവേശം സംസ്ഥാനത്തെ തീയറ്ററുകളിലും. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള തെരഞ്ഞെടുത്ത തിയറ്ററുകളിൽ ലോകകപ്പ് ഫുട്ബാൾ ഫൈനൽ മത്സരം തത്സമയം പ്രദർശിപ്പിക്കുമെന്ന് മന്ത്രി പിസി വിഷ്ണുനാഥ് അറിയിച്ചു . തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ കൈരളി, ശ്രീ കോംപ്ലക്സിലാണ് പ്രദർശനം . ആരാധകരുടെ അഭ്യർത്ഥന മാനിച്ച് ആണ് നടപടിയെന്നും സാധാരണ ടിക്കറ്റ് നിരക്കിലാവും പ്രദർശനമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

&&&&&&&&&&&&&&&&&

## സുരക്ഷാ - കൊച്ചി

ലോകകപ്പ് ഫുട്ബോൾ ഫൈനലിനോടനുബന്ധിച്ചു കൊച്ചി നഗരത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി പോലീസ് .നഗരത്തിലെ പ്രധാന

സ്ഥലങ്ങളിൽ അധിക പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചതായും വാഹന പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ശക്തമാക്കിയതായും പൊലീസ് പറഞ്ഞു. എല്ലാവരും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് സിറ്റി പൊലീസ് കമീഷണർ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&
&&&&&&&&&
&&&

RNU TVPM